ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) വർദ്ധിച്ചു വരുന്ന സിനിമ നിർമ്മാണ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങളുടെ വാടക ഗണ്യമായി കുറച്ചിട്ടുണ്ട്. കൂടാതെ സ്റ്റുഡിയോയുടെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിച്ചു നിർമ്മിക്കുന്ന കൊമേഴ്സ്യൽ ചിത്രങ്ങൾ കോർപ്പറേഷന്റെ തിയേറ്ററുകളിലൂടെ റിലീസ് ചെയ്യുകയാണെങ്കിൽ അത്തരം ചിത്രങ്ങൾക്ക് 15 ലക്ഷം രൂപ വരെ ക്രെഡിറ്റ് അനുവദിക്കുന്നതാണ്.

അതിനുപുറമേ ചലച്ചിത്ര അക്കാദമി കേരള സംസ്ഥാന ഇൻഡസ്ട്രിയൽ കോർപ്പറേഷനുമായി സഹകരിച്ച് ചലച്ചിത്ര നിർമ്മാണത്തിനുള്ള ഒരു ധനസഹായ പദ്ധതിയും ഇൻഷ്വറൻസ് സ്കീമും ആരംഭിച്ചിട്ടുണ്ട്. ഇതിനും പുറമേ മലയാള സിനിമ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി 4 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകി വരുന്നു. മലയാള സിനിമയ്ക്ക് ഭീഷണി ഉയർത്തുന്ന അനധികൃത വീഡിയോ സിഡി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സിനിമ വ്യവസായവുമായി ബന്ധപ്പെട്ട സംഘടനകൾ സമർപ്പിച്ച നിവേദനത്തിലെ മറ്റ് ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

കെ.എസ്.എഫ്.ഡി.സി. നൽകിയ സാമ്പത്തിക സഹായം

160 [5143] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ഏതെങ്കിലും സിനിമ നിർമ്മാതാവിന് സാമ്പത്തിക സഹായം നൽകുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ നിർമ്മാതാക്കൾക്കാണ് എന്നും എത്ര സംഖ്യ വീതമാണ് നൽകിയതെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ഇല്ല. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സിനിമ നിർമ്മാതാക്കൾക്ക് സാമ്പത്തിക സഹായം ഒന്നും നൽകുന്നില്ല. ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് കേരളത്തിൽ പൂർണ്ണമായും നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് സർക്കാർ കെ.എസ്.എഫ്.ഡി.സി. മുഖേന നാലു ലക്ഷം രൂപ സബ്സിഡി നൽകുന്നുണ്ട്. സിനിമ നിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതിക സൗകര്യങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ക്രെഡിറ്റ് സൗകര്യം ലഭ്യമാക്കുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly